# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | |
|---|---|
| ജനുവരി 07 | 2017 |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

## കേരള ഗവർണർ നാളെ ശബരിമലയിൽ ദർശനത്തിനെത്തും

കേരളാ ഗവർണർ ജസ്റ്റീസ് പി സദാശിവം നാളെ(ജനുവരി 8) വൈകുന്നേരം 6.30ന് ശബരിമലയിൽ ദർശനത്തിനെത്തും. 9ന് രാവിലെ ആറിന് തിരിച്ച്പോകും. നാളെ വൈകുന്നേരം പമ്പാസംഗമം ഉദ്ഘാടനം ചെയ്തതിനു ശേഷമായിരിക്കും ഗവർണർ ശബരിമല ദർശനത്തിനെത്തുക.

## മകരവിളക്ക് പുതിയ പോലീസ് സംഘം 9ന് ചുമതലയേൽക്കും

ശബരിമലയിൽ മകരവിളക്കിന് മുന്നോടിയായി സുരക്ഷ ശക്തമാക്കുമെന്ന് സ്പെഷ്യൽ പോലീസ് ഓഫീസർ എസ് സുരേന്ദ്രൻ അറിയിച്ചു. ശബരിമലയിൽ ജോലി ചെയ്ത് പരിചയമുള്ള, സുരക്ഷ പ്രവർത്തനങ്ങളിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരേയാണ് ഡി ജി പി ലോക്നാഥ്ബെഹ്റ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുള്ളത്. നിലവിൽ 1584 പോലീസുദ്യോഗസ്ഥരാണ് സുരക്ഷയ്ക്കായി ശബരിമലയിൽ സേവനം നടത്തുന്നത്. പുതിയ ടീമിൽ നാന്നൂറ് പോലീസുകാർ അധികമായുണ്ടാകും. വടക്കേ നട, അയ്യപ്പഭക്തർ വിരിവെക്കുന്ന പന്തൽ, ബെയ്‌ലി പാലം, പാണ്ടിത്താവളം തുടങ്ങി എട്ടു മേഖലകളിലായി നാലു ഡിവൈഎസ് പിമാരുടെ നേതൃത്ത്വത്തിൽ പോലീസിനെ പ്രത്യേകം വിന്യസിക്കുമെന്നും സ്പെഷ്യൽ പോലീസ് ഓഫീസർ പറഞ്ഞു. പുതിയ ടീമിലേക്കുള്ള അംഗങ്ങൾ നാളെ എത്തി തുടങ്ങും. ഒമ്പതിന് രാവിലെ 9ന് ചുമതലയേൽക്കും.

## പുതുച്ചേരി മന്ത്രി നാളെ ദർശനത്തിനെത്തും

പുതുച്ചേരി നിയമമന്ത്രി സി വി ഷണ്മുഖം നാളെ (ജനുവരി8) വൈകുന്നേരം ശബരിമലയിൽ ദർശനത്തിനെത്തും. ഒമ്പതിന് തിരിച്ച് പോകും.

## എൻ കെ പ്രേമചന്ദ്രൻ എം പി ദർശനം നടത്തി

എൻ കെ പ്രേമചന്ദ്രൻ എം പി ശബരിമലയിൽ നിർമാല്യദർശനം നടത്തി

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 07 | 2017 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

## കടത്താനാടൻ ചുവടുകളുമായി സന്നിധാനത്ത് കളരിപ്പയറ്റ്

ശബരിമല: കാനനവാസനായ അയ്യപ്പന്റെ സന്നിധിയിൽ കടത്തനാടൻ കളരിയുടെ ചുവടുകളുമായി സ്വാമിമാരെത്തി. തലശ്ശേരി കതിരൂർ ഗുരുകൃപ കളരി സംഘത്തിലെ കെ.എസ്.സദാശിവൻ ഗുരുക്കളുടെ നേതൃത്ത്വത്തിലുള്ള 18 പേരാണ് കളരിപ്പയറ്റ് അവതരിപ്പിച്ചത്.ചൊക്ലിയിലെ ഇന്ത്യൻ മാർഷ്യൽ ആർട്സ് അക്കാദമിക്ക് കീഴിലുള്ള കളരിസംഘത്തിലെ ആറ് മാളികപ്പുറങ്ങളും സംഘത്തിലുണ്ടായിരുന്നു. മൂന്ന് വർഷമായി തുടർച്ചയായി മകരവിളക്കിന് മുന്നോടിയായി ഗുരുകൃപ കളരിസംഘം സന്നിധാനത്തിൽ കളരിപ്പയറ്റ് അവതരിപ്പിക്കുന്നുണ്ട്. ഇതാദ്യമായാണ് കുഞ്ഞുമാളികപ്പുറങ്ങളും സ്വാമിയുടെ സന്നിധിയിലെ കളരിപ്പയറ്റിൽ പങ്കെടുത്തത്. പ്രശസ്ത കളരി ഗുരുക്കളായ എം.സി.നാണു ഗുരുക്കളുടെയും പാച്ചേനി ശ്രീവിജയന്റെയും ശിഷ്യനാണ് കെ.എസ്.സദാശിവൻ. മൂന്ന് പതിറ്റാണ്ടോളമായി മലബാറിൽ കളരി പരിശീലിപ്പിക്കുന്ന സദാശിവന്റെയും സംഘത്തിന്റെയും ശബരിമല ദർശനത്തിനും പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്.

**(ചിത്രം-. സന്നിധാനത്തിൽ തലശ്ശേരി കതിരൂർ ഗുരുകൃപ കളരിസംഘം അവതരിപ്പിച്ച കളരിപ്പയറ്റ്)**

## കെട്ടുനിറ പമ്പ ഡ്യൂട്ടി മജിസ്ട്രേറ്റ് പരിശോധന നടത്തി

ശബരിമല: പമ്പ ഗണപതികോവിലിന് സമീപം അയ്യപ്പഭക്തർക്ക് കെട്ടുനിറച്ചു നൽകിവരുന്ന പൂജാസാധനങ്ങളിൽ അളവിലും തൂക്കത്തിലും കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പമ്പ ഡ്യൂട്ടി മജിസ്ട്രേറ്റ് പി.വി ഗേപാലകൃഷ്ണൻ പത്തനംതിട്ട ലീഗൽ മെട്രോളജി അസിസ്റ്റന്റ് കൺട്രോളർ എംഎസ് ഉമാശങ്കർ എന്നിവർ പമ്പയിലെ കെട്ടുനിറ മണ്ഡപത്തിൽ പരിശോധന നടത്തി. ഇരുമുടിക്കെട്ടും പൂജാസാധനങ്ങളും പരിശോധിച്ചു. ശബരിമല മഹോത്സവത്തിന് പമ്പാ ദേവസ്വത്തിൽ കെട്ടുനിറ തടത്തുന്നതിനാവശ്യമായ സാധനങ്ങൾ, കെട്ടുനിറ ഒന്നിന് 84 രൂപനിരക്കിൽ പൂജാ സാധനങ്ങൾ നിശ്ചിത അളവിൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇരുമുടി സഞ്ചി, നാളീകേരം-3, നെയ്യ്-100 മില്ലി ലിറ്റർ, മലർ 50 ഗ്രാം, ഉണക്കലരി-300 ഗ്രാം, മഞ്ഞൾപ്പൊടി -10 ഗ്രാം,കോർക്ക്-1, കർപ്പൂരം 5 ഗ്രാം പാക്കറ്റ്-1, എന്നിവയാണ് ഉപയോഗിക്കേണ്ടത്. കരാറുകാരൻ കെട്ടുനിറയ്ക്കായി പമ്പയിലെ കെട്ടുനിറ മണ്ഡപത്തിൽ ലഭ്യമാക്കിയിട്ടുള്ള പായ്ക്കറ്റുകൾ

സ്ക്വാഡ് തുറന്ന് വിശദമായി പരിശോധിച്ചു. കെട്ടുനിറയ്ക്കുള്ള പൂജാ സാധനങ്ങൾ ലീഗൽ മെട്രോളജി വകുപ്പിന്റെ സ്റ്റാന്റേർഡ് ഇലക്ട്രോണിക്സ് ത്രാസ് ഉപയോഗിച്ച് തൂക്കിനോക്കിയപ്പോൾ അളവിൽ ക്രമക്കേട് കണ്ടെത്തി. മഞ്ഞൾപൊടി 2.2043 ഗ്രാം, മലർ 26.2816 ഗ്രാം, കർപ്പൂരം 0.7276 ഗ്രാം എന്നിങ്ങനെയാണ് പരിശോധനയിൽ കണ്ടെത്തിയത്. ദേവസ്വം കമ്മീഷണറുടെ 2016 നവംബർ ഏഴിലെ ഉടമ്പടി പ്രകാരം 72000 പാക്കറ്റുകളാണ് ലഭ്യമാക്കേണ്ടത്. പരിശോധന സ്ക്വാഡിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എസ് സന്തോഷ്കുമാർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഷാജഹാൻ ദേവസ്വം വിജിലൻസ് സീനിയർ സി പി ഒ എ ഡി വിനോദ്, ഹെൽത്ത് ഇൻസ്പെക്ടർ പി ആർ അജിത്കുമാർ, വില്ലേജ് ഓഫീസർഎ പ്രതാപൻ തുടങ്ങിയവർ അംഗങ്ങളായിരുന്നു.

## പമ്പാസംഗമം നാളെ കേരള ഗവർണർ ഉദ്ഘാടനം ചെയ്യും

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പമ്പാസംഗമം നാളെ(8)കേരള ഗവർണർ ജസ്റ്റിസ് പി.സദാശിവം ഉദ്ഘാടനം ചെയ്യും.മൂന്ന് പവിത്രനദികളുടെ സംഗമസ്ഥാനമായ ത്രിവേണിയിലെ പമ്പാ രാമമൂർത്തി മണ്ഡപത്തിൽ നടക്കുന്ന സമ്മേളനത്തിൽ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനാകും . മന്ത്രി ജി സുധാകരൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല,ആന്റോ ആന്റണി എം പി,രാജു എബ്രഹാം എം എൽഎ ,ദേവസ്വം ബോർഡ് പ്രസിഡണ്ട് പ്രയാർ ഗോപാലകൃഷ്ണൻ ,അംഗം രാഘവൻ എന്നിവർ സംബന്ധിക്കും അജയ് തറയിൽ ഉപഹാര സമർപ്പണം നടത്തും.

## അയ്യപ്പഭക്തസംഗമം പമ്പയിൽ

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പമ്പാസംഗമത്തിന്റെ ഭാഗമായി ഒൻപതിന് ശബരിമല തീർഥാടന സാക്ഷാത്ക്കാരം എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന അയ്യപ്പഭക്ത സംഗമത്തിൽ പ്രമുഖ ചരിത്ര ഗവേഷകനായ ഡോ .എം ജി ശശി ഭൂഷൺ വിഷയാവതരണം നടത്തും .അഖില ഭാരത അയ്യപ്പ സേവാ സംഘം പ്രസിഡന്റ് തെന്നല ബാലകൃഷ്ണപിള്ള,ഉപാധ്യക്ഷൻ കുമ്മനം രാജശേഖരൻ ,ദേവസ്വം റിക്രൂട്ട് മെന്റ് ചെയർമാൻ എം .രാജഗോപാലൻ നായർ തുടങ്ങിയവർ പങ്കെടുക്കും .

വൈകിട്ട് മൂന്നിന് നടക്കുന്ന സമാപന സമ്മേളനം തമിഴ്നാട് മുഖ്യമന്ത്രി ഒ .പനീർ സെൽവം ഉദ്ഘാടനം ചെയ്യും .പുതുച്ചേരി മുഖ്യമന്ത്രി വി .നാരായണ സ്വാമി മുഖ്യാതിഥിയാകും .സംസ്ഥാന വനം മന്ത്രി കെ രാജു ,കർണ്ണാടക ഊർജ മന്ത്രി ഡി കെ ശിവകുമാർ ,ആന്ധ്രാ എൻഡോവ് മെന്റ് മന്ത്രി പി മാണിക്യല റാവു ,തെലുങ്കാന മന്ത്രി എ .ഇന്ദ്രകിരൺ റെഡ്ഢി ,കർണ്ണാടക മന്ത്രി രുദ്രപ്പ മാനപ്പ ലമണി ,വി എസ് ശിവകുമാർ എം എൽ എ ,ദേവസ്വം ബോർഡ് അംഗം കെ രാഘവൻ തുടങ്ങിയവർ പങ്കെടുക്കും .ശബരിമലയുടെ തത്ത്വമസി എന്ന സന്ദേശം ലോകമെമ്പാടും പകർന്നുനൽകുകയെന്ന ലക്ഷ്യത്തോടെയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആത്മീയ സാംസ്ക്കാരിക സംഗമം സംഘടിപ്പിക്കുന്നത് .

(തുടരും)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 07 | 2017 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### പമ്പാസംഗമം നാളെ കേരള ഗവർണർ ഉദ്ഘാടനം ചെയ്യും

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പമ്പാസംഗമം നാളെ(8)കേരള ഗവർണർ ജസ്റ്റിസ് പി.സദാശിവം ഉദ്ഘാടനം ചെയ്യും.മൂന്ന് പവിത്രനദികളുടെ സംഗമസ്ഥാനമായ ത്രിവേണിയിലെ പമ്പാ രാമമൂർത്തി മണ്ഡപത്തിൽ നടക്കുന്ന സമ്മേളനത്തിൽ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനാകും . മന്ത്രി ജി സുധാകരൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല,ആന്റോ ആന്റണി എം പി,രാജു എബ്രഹാം എം എൽഎ ,ദേവസ്വം ബോർഡ് പ്രസിഡണ്ട് പ്രയാർ ഗോപാലകൃഷ്ണൻ ,അംഗം രാഘവൻ എന്നിവർ സംബന്ധിക്കും അജയ് തറയിൽ ഉപഹാര സമർപ്പണം നടത്തും.

### അയ്യപ്പഭക്തസംഗമം പമ്പയിൽ

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പമ്പാസംഗമത്തിന്റെ ഭാഗമായി ഒൻപതിന് ശബരിമല തീർഥാടന സാക്ഷാത്ക്കാരം എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന അയ്യപ്പഭക്ത സംഗമത്തിൽ പ്രമുഖ ചരിത്ര ഗവേഷകനായ ഡോ .എം ജി ശശി ഭൂഷൺ വിഷയാവതരണം നടത്തും .അഖില ഭാരത അയ്യപ്പ സേവാ സംഘം പ്രസിഡന്റ് തെന്നല ബാലകൃഷ്ണപിള്ള,ഉപാധ്യക്ഷൻ കുമ്മനം രാജശേഖരൻ ,ദേവസ്വം റിക്രൂട്ട് മെന്റ് ചെയർമാൻ എം .രാജഗോപാലൻ നായർ തുടങ്ങിയവർ പങ്കെടുക്കും .

വൈകിട്ട് മൂന്നിന് നടക്കുന്ന സമാപന സമ്മേളനം തമിഴ്നാട് മുഖ്യമന്ത്രി ഒ .പനീർ സെൽവം ഉദ്ഘാടനം ചെയ്യും .പുതുച്ചേരി മുഖ്യമന്ത്രി വി

.നാരായണ സ്വാമി മുഖ്യാതിഥിയാകും .സംസ്ഥാന വനം മന്ത്രി കെ രാജു ,കർണ്ണാടക ഊർജ മന്ത്രി ഡി കെ ശിവകുമാർ ,ആന്ധ്രാ എൻഡോവ് മെന്റ് മന്ത്രി പി മാണിക്യല റാവു ,തെലുങ്കാന മന്ത്രി എ .ഇന്ദ്രകിരൺ റെഡ്ഢി ,കർണ്ണാടക മന്ത്രി രുദ്രപ്പ മാനപ്പ ലമണി ,വി എസ് ശിവകുമാർ എം എൽ എ ,ദേവസ്വം ബോർഡ് അംഗം കെ രാഘവൻ തുടങ്ങിയവർ പങ്കെടുക്കും .ശബരിമലയുടെ തത്ത്വമസി  എന്ന സന്ദേശം ലോകമെമ്പാടും പകർന്നുനൽകുകയെന്ന ലക്ഷ്യത്തോടെയാണ്  തിരുവിതാംകൂർ ദേവസ്വം ബോർഡ്  ആത്മീയ സാംസ്ക്കാരിക സംഗമം സംഘടിപ്പിക്കുന്നത് .

## ശബരിമലയിൽ വിപുലമായ സൗകര്യങ്ങൾ ഒരുക്കി- എക്സിക്യൂട്ടീവ് ഓഫീസർ

മകരവിളക്കിനോടനുബന്ധിച്ച് ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങൾക്ക്  എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിയതായി   ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ ആർ.രവിശങ്കർ പറഞ്ഞു. സ്വാമിമാർക്ക് വിരിവെക്കാനുള്ള സൗകര്യങ്ങൾ പരമാവധി ഒരുക്കിയിട്ടുണ്ട്. വിശ്രമ സൗകര്യം ഉള്ളിടത്തെല്ലാം സ്വാമിമാർ തമ്പടിക്കുന്നുണ്ട്.  മലകയറിവരുന്ന സ്വാമിമാർക്ക് മരക്കൂട്ടത്ത് കുടുതൽ കുടിവെള്ള സൗകര്യം പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. അരവണയും അപ്പവും പരിധിയില്ലാതെ  ആവശ്യത്തിന് എല്ലാവർക്കും നൽകി വരുന്നുണ്ട്. വരുന്ന ദിവസങ്ങളിലും തടസ്സമില്ലാതെ അപ്പം അരവണ വിതരണവും നടത്തും. സന്നിധാനത്തെത്തുന്ന വിശിഷ്ട വ്യക്തികൾക്ക് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മകര വിളക്ക് മഹോത്സത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്താൻ എല്ലാ ദിവസവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേരുന്നുണ്ട്. ഭക്തരും മാധ്യമങ്ങളും ചൂണ്ടിക്കാട്ടുന്ന പ്രശ്നങ്ങൾ തത്സമയം പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്

## അയ്യപ്പസന്നിധിയിലേക്ക് തീർത്ഥാടക പ്രവാഹം

വ്രതപുണ്യത്തിന്റെ നിറവിൽ മകരവിളക്കിന്റെ മുന്നോടിയായി സ്വാമി അയ്യപ്പന്റെ അനുഗ്രഹം തേടി ശബരിമലയിലേക്ക് തീർഥാടക പ്രവാഹം. രാവും പകലുമില്ലാതെ രാജ്യത്തിനകത്തും പുറത്തും നിന്ന് പതിനായിരക്കണക്കിന് ഭക്തജനങ്ങളാണ് എത്തിക്കൊണ്ടിരിക്കുന്നത്. അയ്യപ്പദർശനത്തിന് എല്ലാവർക്കും സൗകര്യമൊരുക്കി സന്നിധാനത്ത് ക്രമീകരണങ്ങൾ പുരോഗമിക്കുകയാണ്. തിരക്കിനനുസരിച്ച് ഭക്തജനങ്ങളെ നിയന്ത്രിക്കാൻ പ്രത്യേക ക്യൂ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പ മുതൽ സന്നിധാനം വരെയുള്ള കാനനപാതകളിൽ ശരണം വിളികളാൽ മുഖരിതമാണ്. ശരണവഴികളിലൂടെ  മാളികപ്പുറങ്ങളും മണികണ്ഠസ്വാമികളും  ഇരുമുടിക്കെട്ടുമായി ശബരീശന്റെ കാൽപ്പാദങ്ങൾ തേടിയെത്തുകയാണ്. കന്നിസ്വാമികൾ മുതൽ വർഷങ്ങളായി മുടങ്ങാതെയെത്തുന്നവരും സ്വാമിയെ കാണാനും മോക്ഷം തേടാനും ഒരേ മന്ത്രങ്ങളുമായി മലകയറുന്നു. കാനനത്തിലെ രാത്രികാലങ്ങളിലെ കടുത്ത തണുപ്പിനെയും ചുട്ടുപൊള്ളുന്ന പകലിനെയും മറികടന്നാണ് തീർഥാടകരുടെ മലകയറ്റം. കനത്തചൂടിൽ ദാഹമകറ്റാൻ സ്വാമിമാർക്ക് തിളപ്പിച്ചാറിയ വെള്ളം വഴിയിലുടനീളം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. അടുത്തടുത്ത് വിശ്രമിക്കാനുള്ള ഇരിപ്പിടങ്ങളും ധാരാളമുണ്ട്. വലിയ കയറ്റം കഴിഞ്ഞ് അപ്പാച്ചിമേടിൽ ഒട്ടേറെ പേർ ക്ഷീണമകറ്റുന്നു. മലകയറ്റത്തിന് പ്രായമായവരെയും ക്ഷീണിതരെയും സഹായിക്കാൻ ഡോളി വാഹകരും രംഗത്തുണ്ട്.  ശരംകുത്തിക്ക് തൊട്ടുമുമ്പായി പോലീസ് പ്രത്യേക വെർച്യുൽ ക്യൂ ബുക്ക് ചെയ്തവരെ മറ്റൊരു കവാടത്തിലൂടെ കടത്തിവിട്ട് തിരക്ക് കുറയ്ക്കുന്നു.തീർത്ഥാടകർക്ക് ദാഹജലം നൽകാൻ നിരവധിയാളുകളെ ഏർപ്പെടുത്തിയിട്ടുണ്ട്. ശനിയാഴ്ച രാവിലെ മുതൽ ശരംകുത്തിയിൽ നിന്നും തുടങ്ങി സന്നിധാനം വരെ ഇടമുറിയാതെ ഭക്തജനങ്ങൾ പ്രവഹിക്കുകയാണ്. അതിനിടയിൽ മകരവിളക്കിന്റെ പശ്ചാത്തലത്തിൽ സുരക്ഷാസംവിധാനങ്ങളും ശക്തമാക്കി. മകരവിളക്ക് ദർശിക്കുന്നതിന് സന്നിധാനത്തും പരിസരപ്രദേശങ്ങളിലും തമ്പടിക്കുന്നവർക്ക് പ്രത്യേക സുരക്ഷ നിർദ്ദേശങ്ങളുമായി അധികൃതരും ജാഗ്രതയിലാണ്.

നിലയ്ക്കൽ മുതൽ പമ്പ വരെ കെ.എസ്.ആർ.ടി സി ബസ്സുകൾ മുടങ്ങാതെ സർ

വീസ് നടത്തുന്നുണ്ട്.കേരളത്തിന്റെ തമിഴ് നാടിന്റെയും വിവിധ ഭാഗങ്ങളിൽ നിന്നും ബസ്സുകൾ ശബരിമല ഉത്സവകാലം തുടങ്ങിയതുമുതൽ എത്തുന്നുണ്ട്. പമ്പയിൽ സ്വാമിമാരെ ഇറക്കി അപ്പോൾ തന്നെ ഇവിടെ നിന്നും തിരിച്ചുപോകുന്ന വിധത്തിലാണ് ബസ്സുകളുടെ സർവീസ് ക്രമീകരണം. സ്വകാര്യവാഹനങ്ങൾ പാർക്ക് ചെയ്യാൻ പ്രത്യേകമായി സ്ഥലങ്ങൾ അനുവദിച്ചിട്ടുണ്ട്.പമ്പമുതൽ നിലയ്ക്കൽ വരെ പാതയോരങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് കർശനമായി വിലക്കിയിട്ടുണ്ട്. പമ്പാ സ്നാനത്തിനുശേഷം നടപ്പന്തലിൽ കയറുന്ന ഭക്തരുടെ എണ്ണം കൂടുന്നതിനനുസരിച്ച് പോലീസ് ബാരിക്കേഡുകൾ ഇടവിട്ട് സ്ഥാപിച്ച് തിരക്ക് കുറയ്ക്കുന്നുണ്ട്. സന്നിധാനത്തിലേക്കുള്ള വഴിയിലും തിരക്ക് നിയന്ത്രിക്കാൻ വരും ദിവസങ്ങളിൽ കൂടുതൽ ക്രമീകരണങ്ങളുണ്ടാകും.

## കാനനപാതയിലൂടെ അരനൂറ്റാണ്ടായി തുടരുന്ന തീർത്ഥാടനം

ബാലസുബ്രഹ്മണ്യന്റെ ജീവിതം അയ്യപ്പസ്വാമിക്കുള്ള ആത്മ സമർപ്പണമാണ്. തമിഴ്നാട് ഈറോഡ് സ്വദേശിയായ ഈ എഴുപത്തിരണ്ടുകാരൻ 27 വർഷമായി കാനഡയിലെ ടൊറന്റോയിലാണ് താമസം. അദ്ദേഹം തുടർച്ചയായി അമ്പതാം വർഷമാണ് മകരവിളക്കുത്സവത്തിന് കാനനപാതയിലൂടെ ശബരിമലയിൽ തീർത്ഥാടനത്തിനെത്തുന്നത്. മാനവസേവനമാണ് ഏറ്റവും ഉദാത്തമായ അയ്യപ്പപൂജയെന്ന് അദ്ദേഹം പറഞ്ഞു. സർക്കാരും തിരുവതാംകൂർ ദേവസ്വം ബോർഡും അയ്യപ്പഭക്തർക്കായി അരനൂറ്റാണ്ടിനകം നടത്തിയിട്ടുള്ള സേവനങ്ങൾ ഉദാത്തമാണെന്ന് അദ്ദേഹം പറഞ്ഞു. സന്നിധാനത്ത് അയ്യപ്പനെ ദർശിക്കാൻ തിരുപതി മാതൃകയിൽ എലിവേറ്റർ സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്നും ആവശ്യമെങ്കിൽ അതിനാവശ്യമായ സഹായം നൽകുമെന്നും അദ്ദേഹം പറഞ്ഞുഇരുപത്തിരണ്ടുവയസ്സിലാണ് അദ്ദേഹം ആദ്യമായി ദർശനം നടത്തിയത്. വന്യമൃഗങ്ങൾ വിഹരിക്കുന്ന കൊടും വനത്തിലൂടെ കാനനപാതയിലൂടെ തീർത്ഥാടനത്തിനെത്തുമ്പോഴും ഭയന്നിരുന്നില്ല. കൂടെയുള്ള അയ്യപ്പഭക്തർക്ക് അന്നദാനം നടത്തിയും കാലിടറുമ്പോൾ കൈപിടിച്ചും കൂടെ നടന്നു.

ടൊറന്റോയിൽ ബാലസുബ്രഹ്മണ്യന്റെ നേതൃത്വത്തിൽ ഇരുപതുപേർ ചേർന്ന് ആരംഭിച്ച ധർമശാസ്താ ക്ഷേത്രത്തിൽ ദിനംപ്രതി നൂറുകണക്കിനാളുകളാണ് ദർശനത്തിനെത്തുന്നത്. കാനഡയിൽ ഒൻപത് അയ്യപ്പക്ഷേത്രങ്ങളുണ്ട്. അയ്യപ്പസ്വാമിയുടെ ഉദാത്തഭക്തനായ ബാലസുബ്രഹ്മണ്യൻ കാനഡയിലെ ഇന്ത്യൻ വംശജർ നൽകുന്ന വഴിപ്പാടുകളുമായാണ് തീർത്ഥാടനത്തിനെത്തുന്നത്. എല്ലാവർഷവും അമ്പതാറ് ദിവസം വ്രതം നോറ്റാണ്അദ്ദേഹം ദർശനത്തിനെത്തുന്നത്. അതിൽ പത്തുദിവസം പൂർണ്ണ ഉപവാസത്തിലായിരിക്കും. മാസപൂജകളിൽ ദർശനത്തിനും അദ്ദേഹം ശബരിമലയിലെത്താറുണ്ട്. ബാലസുബ്രഹ്മണ്യനോടൊപ്പം അഞ്ചു വർഷമായി സഹധർമ്മിണി ജയന്തിയും കാനനപാതയിലൂടെ എരുമേലിയിൽനിന്നും കരിമലതാണ്ടി നടന്നാണ് ദർശനത്തിനെത്തുന്നത്. കാനഡയിലാണ് താമസിക്കുന്നതെങ്കിലും തന്റെ ജീവൻ ശബരിമലയിലാണെന്ന് അദ്ദേഹം പറയുന്നു. അമേരിക്കയിലും താമസിച്ചിട്ടുള്ള അദ്ദേഹം തന്റെ അമ്മയുടെ നേത്രരോഗം മാറിയത് ശബരിമലയിലെ അഭിഷേക നെയ് ഉപയോഗിച്ചപ്പോഴാണെന്ന് പറഞ്ഞു. കാനഡയിൽ രണ്ട് വെജിറ്റേറിയൻ റസ്റ്ററന്റുകളുടെ ഉടമയായ അദ്ദേഹം തന്റെ ജീവിതത്തിൽ നിരവധി അദ്ഭുതങ്ങൾക്ക് അയ്യപ്പസ്വാമി കാരണമായിട്ടുണ്ടെന്ന് പറഞ്ഞു. . ശബരിമലയിൽ 1945 മുതൽവർഷങ്ങളോളം തപസനുഷ്ഠിച്ച ഗുരു വിബോധാനന്ദയാണ് തന്റെ ആത്മീയ ഗുരുവെന്നും അദ്ദേഹം പറഞ്ഞു.

(തുടരും)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

**PRD LIVE**
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും **PRD LIVE** ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും **PRD LIVE**
ഡൗൺലോഡ് ചെയ്യാം.